**മധുരമായ കുട്ടികളേ - സദാ സന്തോഷത്തോടെയിരിക്കൂ, മറ്റുള്ളവരെയും സന്തോഷിപ്പിക്കൂ, ഇത് തന്നെയാണ് എല്ലാവരിലും കൃപ കാണിക്കുക, ആർക്കെങ്കിലും വഴി പറഞ്ഞുകൊടുക്കുക എന്നത് ഏറ്റവും വലിയ പുണ്യമാണ്.**

**ചോദ്യം** - ആർക്കാണ് സദാ സന്തുഷ്ടമായിരിക്കാൻ സാധിക്കുക? സന്തുഷ്ടമായിരിക്കാനുള്ള ഉപായമെന്താണ്?

**ഉത്തരം** - സദാ സന്തുഷ്ടമായിരിക്കാൻ അവർക്കേ സാധിക്കൂ, ആരാണോ ജ്ഞാനത്തിൽ സമർത്ഥശാലികൾ, ആരാണോ ഡ്രാമയെ കഥയുടെ രൂപത്തിൽ മനസ്സിലാക്കുകയും അതിനെ സ്മരിക്കുകയും ചെയ്യുന്നത്. സന്തുഷ്ടമായിരിക്കുന്നതിനു വേണ്ടി സദാ ബാബയുടെ ശ്രീമതത്തിലൂടെ പോയ്ക്കൊണ്ടിരിക്കൂ. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ, ബാബ എന്താണോ കേൾപ്പിച്ചു തരുന്നത് അതിനെ നല്ല രീതിയിൽ മഥനം ചെയ്യൂ. വിചാരസാഗരമഥനം ചെയ്ത്-ചെയ്ത് സന്തോഷത്തോടെയിരിക്കാൻ സാധിക്കുന്നു.

**ഓംശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികളുമായി ആത്മീയ സംഭാഷണം നടത്തുകയാണ്. ഇത് ആത്മാക്കൾക്ക് അറിയാം, നമുക്ക് പഠിപ്പു നൽകുന്നതും നമ്മുടെ ഒരേയൊരു അച്ഛനാണ്, ടീച്ചറുടെ ജോലിയാണ് പഠിപ്പ് നൽകുക എന്നുള്ളത്. ഗുരുവിന്റെ ജോലിയാണ് ലക്ഷ്യത്തെ പറഞ്ഞു തരുക എന്നുള്ളത്. ലക്ഷ്യത്തെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലായിക്കഴിഞ്ഞു. മുക്തി-ജീവന്മുക്തിക്കുവേണ്ടി ഓർമ്മയുടെ യാത്ര വളരെയധികം ആവശ്യമാണ്. രണ്ടും വളരെയധികം എളുപ്പമാണ്. 84 ജന്മങ്ങളുടെ ചക്രവും കറങ്ങണം. ഇത് ഓർമ്മയിലുണ്ടായിരിക്കണം, ഇപ്പോൾ നമ്മുടെ 84 ജന്മങ്ങൾ പൂർത്തിയായിക്കഴിഞ്ഞു, ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. പക്ഷേ പാപാത്മാക്കൾക്ക് മുക്തി-ജീവന്മുക്തിയിലേക്ക് തിരികെ പോകാൻ സാധിക്കില്ല. ഇതുപോലെ വിചാരസാഗരമഥനം ചെയ്യണം. ആരു ചെയ്യുന്നുവോ അവർ നേടുക തന്നെ ചെയ്യും. സന്തോഷത്തിലും അവർക്കേ ഇരിക്കാൻ സാധിക്കൂ, മറ്റുള്ളവർക്കും സന്തോഷത്തെ നൽകാൻ അവർക്കേ സാധിക്കൂ. മറ്റുള്ളവർക്ക് വഴി പറഞ്ഞുകൊടുത്ത് അവരുടെ മേൽ കൃപ കാണിക്കണം. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് പുരുഷോത്തമ സംഗമയുഗമാണ്. ഇതും ചിലർക്ക് ഓർമ്മയുണ്ടാവുന്നു, ചിലർക്ക് ഇല്ല. മറന്നു പോകുന്നു. ഇതെങ്കിലും ഓർമ്മിക്കുകയാണെങ്കിൽ സന്തോഷത്തിന്റെ അതിര് വർദ്ധിക്കുന്നു. അച്ഛൻ, ടീച്ചർ, ഗുരു എന്നീ രൂപത്തിൽ ഓർമ്മിക്കാൻ സാധിക്കുകയാണെങ്കിലും സന്തോഷം വർദ്ധിക്കുന്നു. പക്ഷേ മുന്നോട്ടു പോകവേ എന്തെങ്കിലും പ്രശ്നങ്ങളിൽ പെടുന്നു. പർവ്വതത്തിനു താഴേക്കും മുകളിലേക്കുമായി കയറുന്നത് പോലെ കുട്ടികളുടെ അവസ്ഥയും അങ്ങനെയായിത്തീരുന്നു. ചിലർ വളരെയധികം മുകളിലേക്ക് കയറുന്നുണ്ട് പിന്നീട് താഴേക്കു തന്നെ വീഴുന്നു, അപ്പോൾ ആദ്യത്തെക്കാളും മോശമാകുന്നു, സമ്പാദ്യം മുഴുവനും നശിക്കുന്നു. എത്ര തന്നെ ദാനപുണ്യ കർമ്മങ്ങൾ ചെയ്താലും, പുണ്യം ചെയ്ത്-ചെയ്ത് പിന്നീട് പാപം ചെയ്യാൻ ആരംഭിക്കുകയാണെങ്കിൽ, ചെയ്ത പുണ്യമെല്ലാം തന്നെ നശിക്കുന്നു. ഏറ്റവും വലിയ പുണ്യമാണ്-ബാബയെ ഓർമ്മിക്കുക. ഓർമ്മയിലൂടെയാണ് പുണ്യാത്മാവായിത്തീരുക. അഥവാ കൂട്ടുകെട്ടിന്റെ പ്രഭാവത്തിൽപ്പെട്ട് തെറ്റുകൾ തന്നെ ആവർത്തിക്കുകയാണെങ്കിൽ മുമ്പത്തെക്കാളും കൂടുതൽ താഴേക്കു പതിക്കുന്നു. പിന്നീട് ആ കണക്കിന്റെ ശേഖരണം ഉണ്ടാവുകയില്ല. നഷ്ടത്തിലേക്ക് പോകുന്നു. പാപകർമ്മം ചെയ്യുമ്പോൾ നഷ്ടം സംഭവിക്കുന്നു. പിന്നീട് പാപത്തിന്റെ കണക്ക് വർദ്ധിക്കുന്നു. കണക്കുകൾ സൂക്ഷിക്കാറുണ്ടല്ലോ. ബാബയും പറയുന്നു നിങ്ങളുടെ കണക്ക് പുണ്യത്തിന്റേതായിരുന്നു, പാപം ചെയ്തതിലൂടെ അത് നൂറുമടങ്ങ് നഷ്ടത്തിലേക്ക് പോയിരിക്കുന്നു. പാപവും ചിലത് വളരെ വലുതായിരിക്കും, ചിലത് ചെറുതും. കാമമാണ് ഏറ്റവും കടുത്തത്, ക്രോധം രണ്ടാമത്തെ നമ്പറിലാണ്, ലോഭം അതിനെക്കാളും കുറവാണ്. ഏറ്റവും കൂടുതൽ കാമത്തിനു വശപ്പെടുകയാണെങ്കിൽ, എന്ത് സമ്പാദിച്ചുവോ അത് ഇല്ലാതായിത്തീരുന്നു. പ്രാപ്തിക്കു പകരം കൂടുതൽ നഷ്ടമുണ്ടാകുന്നു. സദ്ഗുരുവിന്റെ നിന്ദകന് ഒരിക്കലും ഉന്നതിയുണ്ടാകില്ല. ബാബയുടേതായി പിന്നീട് ഉപേക്ഷിച്ചു പോകുന്നു. എന്താണ് കാരണം? പ്രത്യേകമായും കാമത്തിന്റെ മുറിവു പറ്റിയിട്ടുണ്ടാവും. ഇതു തന്നെയാണ് കടുത്ത ശത്രു. അതിന്റെ തന്നെയാണ് കോലത്തെ ഉണ്ടാക്കി കത്തിക്കുന്നത്. ക്രോധത്തിന്റെയും ലോഭത്തിന്റെയും കോലത്തെ ഉണ്ടാക്കുന്നില്ല. കാമത്തിന്റെ മേൽ പൂർണ്ണമായും വിജയിച്ചാലെ ജഗദ്ജീത്തായിത്തീരുകയുള്ളൂ. വിളിക്കുന്നതും ഇങ്ങനെയാണ്, ഞങ്ങൾ രാവണന്റെ രാജ്യത്തിൽ പതിതമായവരെ വന്ന് പാവനമാക്കൂ. എല്ലാവരും പതിതപാവനാ എന്ന് പാടുന്നുണ്ട്. അല്ലയോ പതിതരെ പാവനമാക്കുന്ന സീതമാരുടെ രാമാ വരൂ..... പക്ഷേ അർത്ഥത്തെ മനസ്സിലാക്കുന്നില്ല. ബാബ തീർച്ചയായും പുതിയ ലോകത്തെ സ്ഥാപിക്കാൻ വരുമെന്നുള്ളതും അറിയാം. പക്ഷേ കല്പത്തിന് വളരെയധികം കാലയളവ് നൽകിയതി

ലൂടെ ഘോരാന്ധകാരമായിത്തീർന്നു. ജ്ഞാനവും അജ്ഞാനവുമല്ലേ. ഭക്തി അജ്ഞാനമാണ്, ആരെയാണോ പൂജിക്കുന്നത് അവരെക്കുറിച്ച് അറിയുന്നില്ല. അപ്പോൾ അവരുടെ അടുത്തേക്ക് എങ്ങനെ എത്തിച്ചേരാനാണ്? അതുകൊണ്ട് ദാന–പുണ്യ കർമ്മങ്ങളെല്ലാം തന്നെ നിഷ്ഫലമായിത്തീരുന്നു. അല്പകാലത്തിനു മാത്രം കാഗവിഷ്ടസമാനം സുഖം ലഭിക്കുന്നു. ബാക്കി ദു:ഖം തന്നെ ദു:ഖമാണ്. ഇപ്പോൾ ബാബ പറയുന്നു – എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ  നിങ്ങളുടെ എല്ലാ ദു:ഖവും ദൂരീകരിക്കപ്പെടുന്നു. പഴയത് നശിച്ച് പുതിയത് ശേഖരിക്കുന്ന വിധത്തിൽ നമ്മൾ എത്രത്തോളം ഓർമ്മിക്കുന്നു എന്ന് നോക്കണം. ചിലർ ഒന്നും തന്നെ ശേഖരിക്കുന്നില്ല. മുഴുവൻ ആധാരവും ഓർമ്മയിലാണ്. ഓർമ്മയില്ലാതെ എങ്ങനെ പാപം നശിക്കും അഥവാ മുറിയും. ജന്മജന്മാന്തരങ്ങളിലെ പാപങ്ങൾ ധാരാളമുണ്ടല്ലോ. ഈ ജന്മത്തിലെ ജീവിതകഥ കേൾപ്പിച്ചാൽ ജന്മജന്മാന്തരത്തിലെ പാപം ഒരിക്കലും നശിക്കുകയില്ല. കേവലം ഈ ജന്മത്തെ ഭാരം ഇല്ലാതാക്കാനാവും. ബാക്കി ധാരാളം പ്രയത്നിക്കണം. ഇത്രയ്ക്കും ജന്മത്തിലെ കർമ്മക്കണക്കുകൾ യോഗത്തിലൂടെ മാത്രമേ ഇല്ലാതാക്കാൻ സാധിക്കൂ. ചിന്തിക്കണം നമുക്ക് എത്രത്തോളം യോഗമുണ്ട്? നമ്മുടെ ജന്മം സത്യയുഗത്തിന്റെ ആദിയിൽ ഉണ്ടാകുമോ? ആരാണോ വളരെ നന്നായി പുരുഷാർത്ഥം ചെയ്യുന്നത് അവരേ സത്യയുഗത്തിന്റെ ആദിയിൽ ജന്മമെടുക്കൂ. അവർ ഒരിക്കലും മറഞ്ഞിരിക്കുകയില്ല. എല്ലാവരും സത്യയുഗത്തിലേക്ക് വരുകയില്ലല്ലോ. അവസാനം പോയി ചെറിയ പദവി നേടും. ആദ്യം വന്നാലും അവർ ജോലി ചെയ്യുന്നവരായിരിക്കും(ദാസി–ദാസൻ). ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ സാധാരണ കാര്യങ്ങളാണ്. അതുകൊണ്ട് ബാബയെ നല്ല രീതിയിൽ ഓർമ്മിക്കുക. നിങ്ങൾക്ക് അറിയാം നമ്മൾ പുതിയ ലോകത്തിനു വേണ്ടി വിശ്വത്തിന്റെ അധികാരിയായിത്തീരുന്നതിനായി വന്നിരിക്കുകയാണ്. ആരാണോ ഓർമ്മിക്കുന്നത് അവർക്ക് തീർച്ചയായും സന്തോഷമുണ്ടാകുന്നു. അഥവാ രാജാവാകണമെങ്കിൽ പ്രജകളെയും ഉണ്ടാക്കേണ്ടതായി വരുന്നു. ഇല്ലെങ്കിൽ ഞങ്ങൾ രാജാവാകുന്നു എന്ന് എങ്ങനെ മനസ്സിലാകാനാണ്. ആരാണോ സെന്റർ തുറക്കുന്നത്, സേവനം ചെയ്യുന്നത്, അവർക്കാണ് സമ്പാദ്യം ഉണ്ടാകുന്നത്. അവർക്ക് ധാരാളം പ്രാപ്തി ഉണ്ടാകുന്നു. അവർക്ക് അതിന്റെ പ്രതിഫലവും ലഭിക്കുന്നു. ചിലർ 3–4 സെന്ററുകൾ തുറക്കുന്നുണ്ടല്ലോ. ആരെല്ലാം തന്നെ ഇതിനുവേണ്ടി സഹകരിക്കുന്നുവോ അവർക്കും അതിന്റെ വീതം ലഭിക്കുന്നു. ഒരുമിച്ച് മായയുടെ ദു:ഖത്തിന്റെ മേൽക്കൂര എടുത്ത് മാറ്റുകയാണെങ്കിൽ ഇതിൽ എല്ലാവരും കൈകോർക്കുന്നു. അപ്പോൾ അവർക്കെല്ലാം പ്രതിഫലം ലഭിക്കുന്നു. ആരാണോ വളരെയധികം പേർക്ക് വഴി പറഞ്ഞു കൊടുക്കുന്നത്, എത്ര പ്രയത്നിക്കുന്നുവോ അത്രയും ഉയർന്ന പദവി നേടുന്നു. അവർക്ക് ധാരാളം സന്തോഷമുണ്ടാകുന്നു. ഹൃദയത്തിന് അറിയാം ഞങ്ങൾ എത്ര പേർക്ക് വഴി പറഞ്ഞു കൊടുത്തു? എത്ര പേരെ ഉദ്ധരിച്ചു? സർവ്വതും ചെയ്യാനുള്ള സമയം ഇതാണ്. കഴിക്കുവാനും കുടിക്കുവാനും എല്ലാവർക്കും ലഭിക്കുന്നുണ്ടല്ലോ? ചിലർ ഒരു ജോലിയും ചെയ്യാത്തവരാണ്. മമ്മ എത്ര സേവനമാണ് ചെയ്യുന്നത്? സേവനത്തിലൂടെയാണ് അവരുടെ മംഗളം ധാരാളമുണ്ടായത്. ഇവിടെ ധാരാളം സേവനം ചെയ്യണം. യോഗത്തിന്റെയും സേവനമുണ്ടല്ലോ. എത്ര ആഴമുള്ള നിർദ്ദേശനങ്ങളാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഇനി മുന്നോട്ടു പോകുന്തോറും ധാരാളം പോയിന്റുകൾ ലഭിച്ചു കൊണ്ടിരിക്കും. ഓരോ ദിവസം കൂടുന്തോറും ഉന്നതിയുണ്ടായിക്കൊണ്ടിരിക്കും. പുതിയ പുതിയ പോയിന്റുകൾ പുറത്ത് വരുന്നു. ആർക്കാണോ സേവനത്തിനോട് താൽപര്യമുള്ളത് അവർ പെട്ടെന്ന് പിടിച്ചെടുക്കുന്നു. സേവനം ചെയ്യാത്തവരുടെ ബുദ്ധിയിൽ ഒന്നും തന്നെ ഇരിക്കില്ല.

ബിന്ദു രൂപത്തെക്കുറിച്ച് എങ്ങനെ മനസ്സിലാക്കി കൊടുക്കണം? ആത്മാവ് എത്ര വലുതാണെന്ന് നിങ്ങൾ ആരോടെങ്കിലും ചോദിക്കൂ? ആത്മാവിന്റെ ദേശത്തെക്കുറിച്ചും കാലത്തെക്കുറിച്ചും പറയാൻ പറഞ്ഞാൽ ആർക്കും അതിന് സാധിക്കില്ല. മനുഷ്യൻ പരമാത്മാവിന്റെ പേര്, രൂപം, ദേശം, കാലം എന്നിവ ചോദിക്കുന്നു. നിങ്ങൾ ആത്മാവിനെക്കുറിച്ച് ചോദിക്കുകയാണെങ്കിൽ അവർ ആശയക്കുഴപ്പത്തിലാകും. ആർക്കും തന്നെ അറിയുന്നില്ല. ഇത്രയ്ക്കും ചെറിയ ബിന്ദുവായ ആത്മാവിൽ മുഴുവനും പാർട്ട് അടങ്ങിയിട്ടുണ്ട്. ഇവിടെയും പലർക്കും ആത്മാ–പരമാത്മാവിനെക്കുറിച്ച് അറിയുന്നില്ല. കേവലം ദുർവികാരങ്ങളെ സന്യസിച്ചിട്ടുണ്ട്, ഇതും അത്ഭുതമാണ്. സന്യാസിമാരുടെ ധർമ്മം വ്യത്യസ്തമാണ്. ഈ ജ്ഞാനം നിങ്ങൾക്കുള്ളതാണ്. ബാബ മനസ്സിലാക്കിത്തരുന്നു, നിങ്ങൾ പവിത്രമായിരുന്നു, ഇപ്പോൾ അപവിത്രമായതാണ്. ഇപ്പോൾ വീണ്ടും പവിത്രമായിത്തീരണം. നിങ്ങൾ തന്നെയാണ് 84 ജന്മങ്ങളുടെ ചക്രം കറങ്ങിയത്.  ലോകത്തിലുള്ളവർക്ക് ലേശം പോലും ഈ കാര്യങ്ങളെക്കുറിച്ച് അറിയുന്നില്ല. ജ്ഞാനം വേറെയാണ് ഭക്തി വേറെയാണ്. ജ്ഞാനം കയറ്റുന്നു, ഭക്തി ഇറക്കുന്നു. അപ്പോൾ രാത്രിയും പകലിന്റെയും വ്യത്യാസമുണ്ട്. മനുഷ്യർ എത്ര തന്നെ സ്വയത്തെ വേദശാസ്ത്രങ്ങളുടെ അധികാരിയാണെന്നു മനസ്സിലാക്കുന്നുണ്ടെങ്കിലും പക്ഷേ ഒന്നും തന്നെ അറിയുന്നില്ല. നിങ്ങൾക്കും ഇപ്പോഴാണ് അറിയുന്നത്. നിങ്ങളിലും നമ്പർവൈസാണ്. മറക്കുന്നതു കാരണമാണ് സന്തോഷം നഷ്ടപ്പെടുന്നത്. ഇല്ലെങ്കിൽ അളവറ്റ സന്തോഷം ഉണ്ടായിരിക്കണം. ബാബയിൽ നിന്നും നമുക്ക് ഈ സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ബാബ സാക്ഷാത്കാരം ചെയ്യിപ്പിക്കുന്നു. പക്ഷേ സാക്ഷാത്കാരം ലഭിക്കുന്നുണ്ട്, ശ്രീമത്ത് പാലിക്കുന്നില്ല എങ്കിൽ എന്ത് പ്രയോജനമാണ്!

ബാബയെ ദു:ഖത്തിലാണ് എല്ലാവരും സ്മരിക്കുന്നത്. ബാബയെ പറയുന്നു – മുക്തേശ്വരാ അല്ലയോ രാമാ, പ്രഭോ..... . പക്ഷേ അവർ ആരാണെന്ന് അറിയില്ല. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ എന്ന് ഭക്തിയിൽ പറയുന്നില്ല. തീർത്തും ഇല്ല. അഥവാ പറയുമായിരുന്നു എങ്കിൽ അതും പരമ്പരാഗതമായി വരുമായിരുന്നു. ഭക്തി ഒരുപാട് സമയമായുണ്ടല്ലോ. ഭക്തി അളവറ്റരീതിയിലു ണ്ട്, ജ്ഞാനം ഒന്നേയുള്ളൂ. മനുഷ്യർ മനസ്സിലാക്കുന്നു ഭക്തിയിലൂടെ ഭഗവാനെ ലഭിക്കുന്നു എന്ന്. പക്ഷേ എങ്ങനെ എപ്പോൾ എന്ന് അറിയുന്നില്ല. ഭക്തി എപ്പോഴാണ് ആരംഭിക്കുന്നത്? ആരാണ് ഏറ്റവും കൂടുതൽ ഭക്തി ചെയ്യുന്നത്– ഇതൊന്നും തന്നെ അറിയുന്നില്ല. എന്താ വീണ്ടും 40,000 വർഷങ്ങൾ ഇനിയും ഭക്തി ചെയ്തുകൊണ്ടിരിക്കുമോ? ഒരു വശത്ത് മനുഷ്യർ ഭക്തി ചെയ്തുകൊണ്ടിരിക്കുന്നു, മറുവശത്ത് നിങ്ങൾ ജ്ഞാനം നേടിക്കൊണ്ടിരിക്കുന്നു. മനുഷ്യരുമായി നിങ്ങൾക്ക് എത്രത്തോളം പ്രയത്നിക്കണം. എത്ര ചിത്ര പ്രദർശിനി വെച്ചാലും കോടിയിൽ ചിലർ മാത്രമാണ് വരുന്നത്. എത്രപേരെ തനിക്കു സമാനമാക്കിമാറ്റി കൊണ്ടു വരുന്നു. സത്യമായ ബ്രാഹ്മണർ എത്രപേരാണ് – ഈ കണക്ക് ഇപ്പോൾ എടുക്കാൻ സാധിക്കു കയില്ല. വളരെയധികം അസത്യമായ കുട്ടികളുമുണ്ട്. ബ്രാഹ്മണർ കഥകേൾപ്പിക്കുന്നവരുണ്ട്. ബാബ ഗീത യുടെ കഥ കേൾപ്പിക്കുന്നു. നിങ്ങളും കേൾപ്പിക്കുന്നുണ്ടല്ലോ, എങ്ങനെയാണോ അച്ഛൻ അതുപോലെ കുട്ടികളും. കുട്ടികളുടെ ജോലിയാണ് സത്യം സത്യമായ ഗീത കേൾപ്പിക്കുക എന്നുള്ളത്. എല്ലാത്തി ന്റെയും ശാസ്ത്രമുണ്ട്. വാസ്തവത്തിൽ ശാസ്ത്രങ്ങളെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലേതാണ്. ജ്ഞാന ത്തിന്റെ പുസ്തകം ഒരേയൊരു ഗീതയാണ്. ഗീതയാണ് എല്ലാത്തിന്റെയും മാതാവും പിതാവും. ബാബ തന്നെയാണ് വന്ന് എല്ലാവരുടെയും സദ്ഗതി ചെയ്യുന്നത്. മനുഷ്യർ പിന്നീട് അങ്ങനെയൊരു അച്ഛനെയാണ് ആക്ഷേപിക്കുന്നത്. ശിവബാബയുടെ ജയന്തിയാണ് വജ്രസമാനം. ഉയർന്നതിലും ഉയർന്ന ഭഗവാനാണ് സദ്ഗതി ദാതാവ്. ബാക്കിയുള്ളവരുടെ മഹിമ എങ്ങനെയുണ്ടാകാനാണ്. ദേവതകളുടെ മഹിമ പാടുന്നു ണ്ടെങ്കിലും, ദേവതയാക്കി മാറ്റുന്നയാൾ ഒരേയൊരു ബാബയാണ്. നമ്മുടെ സ്ഥാപനയുമുണ്ടാകുന്നുണ്ട്, നശീകരണവും ഉണ്ടാകുന്നുണ്ട്.

വളരെപേർക്ക് ഒന്നും തന്നെ മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നില്ല, അങ്ങനെയാണെങ്കിൽ സ്ഥൂല മായ ജോലി ചെയ്യൂ. മിലിട്ടറിയിൽ എല്ലാ കർമ്മങ്ങളും ചെയ്യുന്നവരുണ്ടാവും. ഇങ്ങനെ പറയാറുണ്ട് പഠി ച്ചവരുടെ മുന്നിൽ പഠിപ്പില്ലാത്തവർക്ക് തലകുനിക്കേണ്ടതായി വരുമെന്ന്. മമ്മാ ബാബാ ചെയ്യുന്നത് കണ്ടു പഠിക്കൂ. നിങ്ങൾക്കും മനസ്സിലാക്കാൻ സാധിക്കും അനന്യമായ(വിശിഷ്ട) സന്താനങ്ങൾ ആരാണെന്ന്. ബാബയോടു ചോദിക്കുകയാണെങ്കിൽ ബാബയും പേരു പറയും ഇന്നവരെ അനുകരിക്കൂ എന്ന്. ആരാണോ സേവാധാരി അല്ലാത്തത് അവർ മറ്റുള്ളവർക്ക് എന്ത് പഠിപ്പ് നൽകാനാണ്. അവർ ഒന്നുകൂടി സമയത്തെ വ്യർത്ഥമാക്കുകയാണ്. ബാബ പറയുന്നു അവനവന്റെ ഉന്നതി ചെയ്യാൻ ആഗ്രഹിക്കുന്നു എങ്കിൽ ഇവിടെ അതിന് സാധിക്കുന്നു. ചിത്രം വെച്ചിട്ടുണ്ട് നമ്മൾ എങ്ങനെ 84 ജന്മങ്ങൾ എടുത്തു, ഇത് ഇപ്പോൾ മനസ്സി ലായി എങ്കിൽ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കൂ. ഇവരെപ്പോലെയായിത്തീരാൻ എത്ര എളുപ്പമാണ്. ഇന്നലെ ഇവരുടെ ഭക്തി ചെയ്തിരുന്നു, ഇപ്പോൾ ഇല്ല. ഇപ്പോൾ ജ്ഞാനം ലഭിച്ചു. ഇങ്ങനെ ധാരാളം പേർ വന്ന് ജ്ഞാനം നേടുന്നു. എത്രത്തോളം നിങ്ങൾ സെന്ററുകളിൽ വലയം സൃഷ്ടിക്കുന്നുവോ അത്രത്തോളം പേർവന്ന് ഇത് കേൾക്കും. കേൾക്കുമ്പോൾ അവർക്ക് സന്തോഷത്തിന്റെ അതിരു വർദ്ധിക്കുന്നു. നരനിൽ നിന്നും നാരായണനായിത്തീരണം. സത്യമായ സത്യനാരായണന്റെ കഥയാണ്, ഭക്തിയിലൂടെ താഴേക്ക് പ തിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനം എന്താണെന്ന് അവർക്ക് അറിയുക പോലുമില്ല. നിങ്ങൾക്ക് പരിധിയി ല്ലാത്ത അച്ഛൻ യഥാർത്ഥമായി മനസ്സിലാക്കിത്തരുന്നു. ബാബ പറയുന്നു ഇന്നലെ നിങ്ങൾക്ക് രാജ്യപദവി ഉണ്ടായിരുന്നു, ഇന്ന് അത് എവിടെപ്പോയി? ഇത് സ്വയം അറിയാം. ഇത് കളിയാണ്. ഒരേയൊരു ബാബ യാണ് മുഴുവൻ കളിയുടെയും രഹസ്യത്തെ മനസ്സിലാക്കിത്തരുന്നത്. നമ്മൾ പറയുന്നു, ബാബാ അങ്ങ് ഡ്രാമയിൽ ബന്ധനസ്ഥനാണ്, അങ്ങേക്ക് വരുകതന്നെ വേണം, പതിത ലോകത്തിലെ പതിത ശരീരത്തി ലേക്ക്. ഈശ്വരന്റെ വളരെയധികം മഹിമ പാടുന്നുണ്ട്. കുട്ടികൾ പറയുന്നു, ബാബാ ഞങ്ങൾ താങ്കളെ വിളിച്ചപ്പോൾ താങ്കൾക്ക് വരേണ്ടിവന്നു – ഞങ്ങളുടെ സേവനം ചെയ്യാൻ അഥവാ ഞങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കാൻ. കല്പകല്പം ഞങ്ങളെത്തന്നെ ദേവതകളാക്കി മാറ്റി താങ്കൾ പോകുന്നു. ഇത് ഒരു കഥ പോലെയാണ്, ആരാണോ സമർത്ഥർ അവർക്ക് ഇത് ഒരു കഥപോലെയാണ്. നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷത്തോടെയിരിക്കണം. ബാബയും ഡ്രാമാ അനുസരിച്ച് സേവകനായി മാറുന്നു. ബാബ പറയുന്നു, എന്റെ നിർദ്ദേശനമനുസരിച്ച് നടക്കൂ. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ, ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. പുതിയ ലോകത്തിൽ നിങ്ങൾക്ക് പുതിയ ശരീരത്തെ ലഭിക്കുന്നു. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത്, അതിനെ നല്ല രീതിയിൽ മനനം ചെയ്യൂ. ബുദ്ധികൊണ്ട് മനസ്സിലാ ക്കൂ, ഞങ്ങൾ വന്നിരിക്കുയാണ് – ഇതു പോലെയായിത്തീരുന്നതിനുവേണ്ടി. ലക്ഷ്യം മുന്നിലുണ്ടല്ലോ. ഭഗ വാനുവാച, മറ്റുള്ളവർ ഭഗവാൻ മനുഷ്യനാണെന്നു മനസ്സിലാക്കിയിരിക്കുന്നു, അല്ലെങ്കിൽ നിരാകാരനെന്നും പറയുന്നുണ്ട്. നിങ്ങൾ ആത്മാക്കളെല്ലാം തന്നെ നിരാകാരികളാണ്. ശരീരമെടുത്ത് പാർട്ട് അഭിനയിക്കുക

യാണ്. ബാബയും പാർട്ട് അഭിനയിക്കുന്നു. ആരാണോ നല്ല രീതിയിൽ സേവനം ചെയ്യുന്നത്, അവർക്കേ നിശ്ചയമുണ്ടാവൂ ഞങ്ങൾ മാലയിലെ മുത്തായിത്തീരുമെന്ന്. നരനിൽ നിന്നും നാരായണനായിത്തീരണം. തോറ്റുപോകുന്നതിലൂടെ സ്വാഭാവികമായും സീതാരാമന്മാരായിത്തീരുന്നു. ഭഗവാനാണ് പഠിപ്പിക്കുന്നത് എങ്കിൽ നല്ല രീതിയിൽ പഠിക്കണം. പക്ഷേ ധാരാളം മായയുടെ എതിർപ്പുകളും നേരിടേണ്ടതായിവരുന്നു. മായ കൊടുങ്കാറ്റിലേക്ക് അകപ്പെടുത്തുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. വിചാരസാഗരമഥനം ചെയ്ത് അപാര സന്തോഷത്തിന്റെ അനുഭവം ചെയ്യണം. മറ്റുള്ളവർക്കും വഴി പറഞ്ഞുകൊടുക്കുന്നതിന്റെ കൃപ കാണിക്കണം. കൂട്ടുകെട്ടിന്റെ പ്രഭാവത്തിലേക്കു വന്ന് ഏതൊരു പാപ കർമ്മവും ചെയ്യരുത്.

2. മായയുടെ ദു:ഖത്തിന്റെ മേൽക്കൂര എടുത്ത് മാറ്റുന്നതിനു വേണ്ടി എല്ലാവരും ഒരുമിച്ച് കൈകോർക്കണം. സെന്ററുകൾ തുറന്ന് അനേകരുടെ മംഗളത്തിന് നിമിത്തമായിത്തീരണം.

## വരദാനം:– തന്റെ വാക്കുകളുടെ മൂല്യത്തെ മനസ്സിലാക്കി അവയെ മിതവ്യയം ചെയ്യുന്ന മഹാനാത്മാവായി  ഭവിക്കട്ടെ.

മഹാനായ ആത്മാക്കളെക്കുറിച്ച് പറയാറുണ്ട്– സത്യവചനം മഹാരാജ്. അതുപോലെ താങ്കളുടെ വാക്കുകൾ സദാ സത്യവചനം അതായത് ഏതെങ്കിലുമേതെങ്കിലും പ്രാപ്തി ചെയ്യിപ്പിക്കുന്ന വചനങ്ങളായിരിക്കണം. ബ്രാഹ്മണരുടെ മുഖത്തിലൂടെ ഒരിക്കലും ആരെയും ശപിക്കുന്ന വാക്കുകൾ വരാൻ പാടില്ല. അതിനാൽ യുക്തിയുക്തവും പ്രയോജനമുള്ളതും മാത്രം പറയൂ. വാക്കുകളുടെ മൂല്യത്തെ മനസ്സിലാക്കൂ. ശുഭകരമായ വാക്കുകൾ, സുഖം കൊടുക്കുന്ന വാക്കുകൾ പറയൂ, കളിതമാശക്കുള്ള വാക്കുകൾ പറയരുത്, വാക്കുകളുടെ മിതവ്യയം ചെയ്യൂ എങ്കിൽ മഹാനാത്മാവായി മാറും.

## സ്ലോഗൻ:– ശ്രീമത്തിന്റെ കൈ സദാ കൂടെയുണ്ടെങ്കിൽ മുഴുവൻ യുഗവും കൈയ്യിന്മേൽ കൈ കൊടുത്ത് പോയ്ക്കൊണ്ടിരിക്കാം.

**അവ്യക്തി സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ.**
കറണ്ടിന്റെ കണക്ഷനിലൂടെ വലിയ–വലിയ മെഷീനുകൾ പ്രവർത്തിക്കുന്നത് പോലെ താങ്കളെല്ലാവരും ഓരോ കർമ്മങ്ങൾ ചെയ്യുമ്പോഴും കണക്ഷന്റെ ആധാരത്തിൽ സ്വയമേ തന്നെ ഡബിൾലൈറ്റായി പോയ്ക്കൊണ്ടിരിക്കൂ. എവിടെ ഡബിൾ ലൈറ്റിന്റെ സ്ഥിതിയുണ്ടോ അവിടെ പ്രയത്നത്തിന്റെയും ബുദ്ധിമുട്ടിന്റെയും വാക്കുകൾ സമാപ്തമാകും. എന്റേതെന്നതിനെ സമാപ്തമാക്കി സൂക്ഷിപ്പുകാരന്റെ ഭാവവും ഈശ്വരീയ സേവനത്തിന്റെ ഭാവനയും ഉണ്ട് എങ്കിൽ ഡബിൾ ലൈറ്റായി മാറും.